**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- സൈനിക സേവനത്തിനിടെ മരണപ്പെട്ട Swr.ഷാനവാസ്.എ-യുടെ ഭാര്യ ശ്രീമതി.റഫ്ന.എൻ. -ന് പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സൈനിക ക്ഷേമ (എ) വകുപ്പ്**

**സ.ഉ(കൈ)നം.53/2022/സൈ.ക്ഷേ.വ തീയതി, തിരുവനന്തപുരം : 26/12/2022**

പരാമർശം:- 1. 29.04.2002 ലെ സ.ഉ (പി)110/2002/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.
2. 08.08.2022 ലെ സ.ഉ(കൈ)നം.27/2022/സൈ.ക്ഷേ.വ നമ്പർ സർക്കാർ ഉത്തരവ്.
3. പഞ്ചായത്ത് ഡയറക്ടറുടെ 26.8.2022 ലെ PAN/10298/2022-E14(DP) നമ്പർ കത്ത്.

## ഉത്തരവ്

ഇന്ത്യൻ ആർമിയിൽ സേവനം അനുഷ്ഠിച്ചു വരവെ 28.4.2021 ൽ ജമ്മു കാശ്മീരിൽ വച്ച് മരണപ്പെട്ട Swr. ഷാനവാസ്.എ-യുടെ ഭാര്യ ശ്രീമതി.റഫ്ന.എൻ. - ന് പരാമർശം 1 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൊല്ലം ജില്ലയിൽ ക്ലാർക്കിന്റെ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണെന്നും പരാമർശം 2 ൽ ഉത്തരവായിരുന്നു.

**2.** സൈനിക സേവനത്തിനിടെ മരണപ്പെട്ടയാളുടെ ആശ്രിതയ്ക്ക് നിയമനം നൽകുന്നതിനായി പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ഒരൊഴിവ് ലഭ്യമാണെന്ന് പരാമർശം 3 കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3.** ഈ സാഹചര്യത്തിൽ സൈനിക സേവനത്തിനിടെ 28.4.2021 ൽ ജമ്മു കാശ്മീരിൽ വച്ച് മരണപ്പെട്ട കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ ചവറ വില്ലേജിൽ മുകുന്ദപുരം(പി.ഒ), കോട്ടുകാട് എസ്.എസ്.ബൈത്തു - വിൽ Swr. ഷാനവാസ്.എ-യുടെ ഭാര്യ ശ്രീമതി.റഫ്ന.എൻ. - ന് പരാമർശം 1 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം നിയമനം നൽകി ടിയാരിയെ കൊല്ലം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിയമിക്കുന്നതിനുള്ള നടപടി പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

**4.** പ്രസ്തുത നിയമനത്തിന് ചുവടെ ചേർക്കുന്ന നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

1. ഒരിക്കൽ സ്വീകരിച്ച നിയമനം അന്തിമമായിരിക്കും. നിയമന മാറ്റം അനുവദിക്കുന്നതല്ല.

2. നേരിട്ട് നിയമനം നേടുന്ന ജീവനക്കാരെപ്പോലെ തന്നെ ഈ പദ്ധതി പ്രകാരം നിയമനം ലഭിച്ചവർക്കും സ്വഭാവ സർട്ടിഫിക്കറ്റും മറ്റ് ഔപചാരികതകളും ബാധകമാണ്.

3. ഈ പദ്ധതി പ്രകാരം നിയമനം ലഭിക്കുമ്പോൾ ഹാജരാക്കുന്ന യോഗ്യതകളോ, വസ്തുതകളോ പിന്നീട് തെറ്റാണെന്ന് തെളിഞ്ഞാൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതായിരിക്കും.

4. അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നൽകിയ വിവരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിക്കേണ്ടതാണ്.

5. നിയമനം കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കും.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ. ആർ ജ്യോതിലാൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്-

1. ശ്രീമതി.റഫ്ന.എൻ., എസ്.എസ്.ബൈത്തു, കോട്ടുകാട്, മുകുന്ദപുരം.പി.ഒ, കൊല്ലം - 691 585 (രജിസ്റ്റേർഡ് തപാലിൽ അക്നോളജ്മെന്റ് സഹിതം).
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. ( അപേക്ഷയും അനുബന്ധ രേഖകളും സഹിതം).
3. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

5. അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം.
6. പൊതുഭരണ (എസ്.സി.) വകുപ്പ് (21.12.2022-ാം തീയതിയിലെ ഇനം നമ്പർ 1265 പ്രകാരം)
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
8. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ